**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2825** **13-02-2024 - ൽ മറുപടിയ്ക്ക്**

**തുറമുഖങ്ങൾ നവീകരിക്കുന്നതിന് കർമ്മ പദ്ധതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | ടൂറിസത്തിന്റെ സാധ്യതകൾ പരിഗണിച്ച് കേരളത്തിന്റെ തുറമുഖങ്ങൾ നവീകരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | ക്രൂയിസ്സ് ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ക്രൂയിസ്സ് കപ്പലുകൾ അടുക്കാൻ പാകത്തിന് തുറമുഖങ്ങളെ നവീകരിയ്ക്കുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്. കൊല്ലം തുറമുഖത്ത് ടൂറിസ്റ്റ് ക്രൂയിസ്സ് കപ്പലുകൾ അടുക്കാൻ പാകത്തിന് ഒരു പ്രത്യേക പാസഞ്ചർ ടെർമിനൽ തന്നെ നിലവിലുണ്ട്. |
| (ബി) | കേരളത്തിലെ തുറമുഖങ്ങളെ ബന്ധിപ്പിച്ചു കപ്പൽ സർവീസ് നടത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | കേരളത്തിലെ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് വിനോദ സഞ്ചാരം മുൻനിർത്തി തീരദേശ കപ്പൽ ഗതാഗതം നടത്തുന്നതിനുള്ള സ്വകാര്യ സംരംഭകരെ ആകർഷിക്കുവാനുള്ള നടപടികൾ കേരള മാരിടൈം ബോർഡ് സ്വീകരിച്ചു വരുന്നുണ്ട്. ഇതിനകം തന്നെ ഏതാനും സ്വകാര്യ സംരംഭകരുമായി ഈ കാര്യത്തിൽ ചർച്ചകൾ നടത്തിയിട്ടുണ്ട്. |
| (സി) | കൊല്ലം, ആലപ്പുഴ, കോഴിക്കോട് ഉൾപ്പെടെ എല്ലാ തുറമുഖങ്ങളും നവീകരിക്കുന്നതിന് ഒരു കർമ്മ പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | നിലവിൽ കൊല്ലം, കോഴിക്കോട് (ബേപ്പൂർ) തുറമുഖങ്ങൾ ഫങ്ഷണൽ തുറമുഖങ്ങളാണ്. പാസഞ്ചർ (കാർഗോ) കപ്പലുകൾ തുറമുഖത്ത് അടുപ്പിയ്ക്കുന്നതിനുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും നിലവിൽ ഈ തുറമുഖങ്ങളിലുണ്ട്. വലിയ കപ്പലുകൾ സുഗമമായി അടുക്കുന്നതിനു വേണ്ടി തുറമുഖങ്ങളുടെ ആഴം കൂട്ടൽ പദ്ധതി നടത്തി വരുന്നുണ്ട്. ആലപ്പുഴ തുറമുഖം ഒരു മിനി മറീന ആയി വികസിപ്പിയ്ക്കാനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്, ഇതിനായി Detailed Project Report തയ്യാറാക്കുകയും, സ്വകാര്യ സംരംഭകരെ കൂടി ആകർഷിച്ചു PPP മോഡലിൽ മേൽ പദ്ധതി വികസിപ്പിക്കാൻ സാധിക്കുമോ എന്നുള്ള കാര്യവും പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ